മാറാട് പുനരധിവാസം അനുവദിക്കില്ലെന്നുള്ള വിശ്വഹിന്ദു പരിഷത്ത് ജനറൽ സെക്രട്ടറിയുടെ പ്രസ്താവന

5 (3738) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാറാട്പള്ളി പൊളിച്ചു നീക്കണമെന്നും പുനരധിവാസം അനുവദിക്കില്ലെന്നുമുള്ള വിശ്വഹിന്ദു പരിഷത്ത് ജനറൽ സെക്രട്ടറിയുടെ പ്രസ്താവന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പ്രസ്താവനയോടുള്ള സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്താവന നിയമവിദഗ്ദ്ധർ പരിശോധിച്ചു വരികയാണ്. പ്രകോപനപരമായി എന്തെങ്കിലും ഉള്ളതായി കാണുന്നപക്ഷം നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

തലസ്ഥാന വികസനത്തിനായുള്ള കാബിനറ്റ് സബ്കമ്മിറ്റി

6 (3739) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന വികസനത്തിനായുള്ള കാബിനറ്റ് സബ് കമ്മിറ്റി എത്ര പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട് ;

(ബി) തലസ്ഥാന വികസനത്തിനായി എന്തെല്ലാം നയപരമായ കാര്യങ്ങളാണ് ഈ കമ്മിറ്റി തീരുമാനിച്ചിട്ടുള്ളത് എന്നറിയിക്കാമോ ;

(സി) വിവിധ സർക്കാർ വകുപ്പുകളെ കോ-ഓർഡിനേറ്റു ചെയ്യാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) മന്ത്രിസഭാ ഉപസമിതികൾ മന്ത്രിസഭയെ സഹായിക്കുന്നതിനു മന്ത്രിസഭ നിയോഗിക്കുന്നതായതിനാൽ അവയുടെ പ്രവർത്തനത്തിന്റെ വിശദാംശം വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

(സി) അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനും, നഗര വികസന വകുപ്പ് സെക്രട്ടറി കൺവീനറും, ജലവിഭവ, തുറമുഖ, ധനകാര്യ (എക്സ്പെന്റിച്ചർ), ടൂറിസം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ അംഗങ്ങളുമായുള്ള എംപവേർഡ് കമ്മിറ്റിയുടെ രൂപീകരണത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനവും ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly